ആയുർവേദ

ആയുഷ്കാമിയം

ഭാഷാപദ്യം.

ഗ്രന്ഥകർത്താവ്

നിരണം നാട്ടുവൈദ്യൻ തൊമ്മി ചാണ്ടപ്പിള്ള

ഒന്നാം പതിപ്പ് കാപ്പി ൧൦൦

Printed at the Keralabhimani Press,
Mavelikara.
1091.

വില അണ ൩.

മുഖവുര

അഷ്ടാംഗഹൃദയം മുതലായ ചില ഗ്രന്ഥങ്ങളിൽനിന്നും ചുരുക്കി ഗ്രന്ഥപാഠ രീതിയിൽ എഴുതിയിട്ടുള്ള ആയുഷ്കാമീയം, ഔഷധശുദ്ധി ശാരീരം എന്ന പദ്യപുസ്തകങ്ങളും നിദാനോത്തരസ്ഥാനങ്ങളിൽ നിന്നും ചുരുക്കി എഴുതിയിട്ടുള്ള നിദാനസ്ഥാന ഗദ്യപുസ്തകവും അച്ചടിപ്പിച്ച അഷ്ടാംഗഹൃദയത്തിൽ കീർത്തി സമ്പാദിച്ചിട്ടുള്ള വലിയ വയക്കരെ തിരുമേനിമുതലായ വൈദ്യന്മാരുടെ അടുക്കൽ ഹാജരാക്കപ്പെടുകയും തിരുമേനി മുതലായ വൈദ്യന്മാർ ടി. പുസ്തകങ്ങൾ പരിശോധിച്ച അയച്ചുതന്നിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഇതുസഹിതം ചേർക്കയും ചെയ്തിരിക്കുന്നു. നമ്മുടെ രാജ്യത്തുള്ള സർവ്വജനങ്ങളും പ്രത്യേകം വനിതാ കു[illegible]ളും മനഃപാഠം പഠിക്കേണ്ടതിലേക്കായി പുസ്തകങ്ങൾ ചെറുതാക്കിട്ടുള്ളതാണ്. ഈ പുസ്തകങ്ങൾ പഠിച്ചു അനേകം അപകടങ്ങളിൽ നിന്നും ഒഴിഞ്ഞു ചിരഞ്ജീവികളായി തീരണമെന്നുള്ളതാണ് എന്റെ പ്രത്യേക ആഗ്രഹം. ആയുസ്സിന്റെ നിലനില്പിലേക്കായി ആയുഷ്കാമീയവും ബാഹ്യാന്തരങ്ങളിൽ വിഷംപെട്ടാൽ അതിൽ നിന്നും മോചനം ലഭിപ്പാനായി വിഷപ്രതിഷേധവും ഔഷധശുദ്ധിയും മതിയാകുന്നതാണ്. വിഷപദാർത്ഥങ്ങൾ അകത്തായെന്നാൽ അതാതിന്റെ ശുദ്ധികളുള്ള മരുന്നുകൾ കഷായമാക്കിയോ നീരെടുത്തോ സേവിപ്പിക്കേണ്ടതാണ്. രോഗകാരണങ്ങൾ അറിഞ്ഞു അതുകളിൽ നിന്നും ഒഴിഞ്ഞിരിപ്പാനായി നിദാനസ്ഥാനവും സ്ത്രീകളെ പല അപകടങ്ങളിൽ നിന്നും രക്ഷിക്കേണ്ടതിലേക്കായി ശാരീരത്തിൽ ചില ഭാഗങ്ങളും

ചേൎത്തിരിക്കുന്നു. ഈ പുസ്തകങ്ങളിലെ സാരാംശങ്ങൾ ഗ്രഹിച്ചു പ്രവൎത്തിക്കുന്നതായിരുന്നാൽ രോഗപീഡയിൽനിന്നും ഒഴിയുന്നതിനും ഈശ്വര സങ്കല്പിത കാലത്തോളം ആയുസ്സിനെ നിലനിൎത്തുന്നതിനും മതിയാവുന്നതാണ്. ഈശ്വരൻെറയും നമ്മുടെ ഗവൎമ്മെൻറിൻെറയും വൈദ്യന്മാർ, വിദ്വാന്മാർ, സജ്ജനങ്ങൾ, എന്നുള്ള എല്ലാവരുടേയും കാരുണ്യം ഉണ്ടായിരിക്കുമെങ്കിൽ അച്ചടിപ്പിപ്പാൻ തയ്യാറാക്കിയിട്ടുള്ള ശാരീരം മുതലായ പഞ്ചമാദ്ധ്യാനങ്ങളെ കൂടി അച്ചടിപ്പിക്കുന്നതുകൂടാതെ പല സിദ്ധൌഷധങ്ങൾ ഉണ്ടാക്കി പ്രചരിപ്പിക്കുന്നതിന് ആഗ്രഹിച്ചുംകൊണ്ടു സജ്ജന സമക്ഷം ഈ ചെറിയ പുസ്തകങ്ങൾ സമൎപ്പിച്ചുകൊള്ളുന്നു. ഈ പുസ്തകങ്ങളിലെ കഠിന പദങ്ങളുടെ അൎത്ഥം അറിവാനായി ഒരു നോട്ടം ഇതോടുചേൎത്തിരിക്കുന്നു. എൻെറയോ എൻെറ പുത്രന്മാരായ സി. തോമസ് സി. മാത്യു എന്നിവരിൽ ആരുടെ എങ്കിലുമോ അടയാളമില്ലാത്ത പുസ്തകങ്ങൾ വ്യാജമായിരിക്കുന്നതാണ്.

എന്നു റി. ചാണ്ടപ്പിള്ള വൈദ്യൻ.
കിണററുകരവീട്ട്, നിരണം.

കോട്ടയം.
[illegible]

നിരണം കെ. റി. ചാണ്ടപ്പിള്ള വൈദ്യൻ അവർകൾക്ക്

നിങ്ങൾ എഴുതിയ ആയുൎവ്വേദായുഷ്കാമീയ ഭാഷാപാഠം, അഷ്ടാംഗഹൃദയ നിദാനസ്ഥാനം, ഔഷധശുദ്ധി എന്ന മൂന്നു പുസ്തകങ്ങളും ഞാൻ സസന്തോഷം സ്വീകരിച്ചിരിക്കുന്നു. ബാലന്മാൎക്ക് ഉപയോഗത്തിനായി തീരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പുസ്തകങ്ങളെഴുതിയതെന്നു അവയുടെ ആകൃതികൊണ്ടുതന്നെ പ്രകാശിക്കുന്നുണ്ടു" ശരീര രക്ഷാമാൎഗ്ഗത്തെ ഉപദേശിക്കുന്ന വൈദ്യശാസ്ത്രത്തിൻെറ ഏതുഭാഗവും എത്ര തന്നെ ലളിതമായിരുന്നാലും ജനങ്ങൾ ആദ്യകാലത്തിൽ

തന്നെ ഗ്രഹിച്ചിരുന്നാൽ അനേകം അപകടങ്ങളിൽ അകപ്പെ-
ടാതെ കഴിച്ചുകൂട്ടാൻ സൌകൎയ്യമുള്ളതിനാൽ സ്വല്പങ്ങളായ ഈ പുസ്തകങ്ങളിൽ നിന്നും കിട്ടുന്ന അറിവും ജനോപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

എന്നു വയസ്കര മൂസ്സ്. (ഒപ്പ്)

കോട്ടയം.
൧. ൧൦. ൧൦൭൧.

നിരണത്തു കിണററുകരവീട്ടിൽ റവി. ചാണ്ടപ്പിള്ള വൈദ്യനവർകൾ ഉണ്ടാക്കിയവയും വൈദ്യശാസ്ത്രത്തെ സംബന്ധിച്ചവയുമായ മൂന്നു ചെറിയ പുസ്തകങ്ങൾ സന്തോഷത്തോടു വായിച്ചുനോക്കി. അവയിൽ ഒന്നു ആയുർവേദായുഷ്കാമീയ ഭാഷാപദ്യമാണ്. ഇതിൽ വിഷവൈദ്യം കൂടി കുറെ പ്രസ്താവിച്ചിട്ടുണ്ട്. പിന്നെ ഒന്നു അഷ്ടാംഗഹൃദയ നിദാനസ്ഥാനമാണ്. ഇതിൽ ഉത്തരസ്ഥാനത്തിലുള്ള ചില രോഗങ്ങളെ കുറിച്ചും പറഞ്ഞിട്ടുണ്ട്. മൂന്നാമത്തേതിന്റെ പേരു ഔഷധശുദ്ധി എന്നാണ്. ഇതിൽ ശാരീരത്തിന്റെ കുറെ ഭാഗങ്ങൾകൂടി ചേൎത്തിട്ടുണ്ട്. അതിവിസ്തീൎണ്ണമായ വൈദ്യശാസ്ത്രത്തിലെ അത്യാവശ്യകങ്ങളായ ചില വിഷയങ്ങളെ മാത്രം എടുത്തു കുട്ടികൾക്കു കൂടി ഉപയോഗിക്കണമെന്നു ഉദ്ദേശിച്ചാണ് ഈ പുസ്തകങ്ങൾ എഴുതിയിരിക്കുന്നതു്. അതിനാൽ വൈദ്യനവർകളുടെ ഈ ഉദ്യമത്തെ ഞാനും അനുമോദിച്ചുകൊള്ളുന്നു.

എന്നു പന്തളം കൃഷ്ണവാര്യർ. (ഒപ്പ്)

൨൯. ൭. ൧൦൭൧.

ശ്രീ.

നിരണത്തു കിണററിൻകര വീട്ടിൽ റവി. ചാണ്ടപ്പിള്ള
അവർകൾക്കു,.

നിങ്ങൾ അയച്ചുതന്നതായ പുസ്തകം മൂന്നും ഇവിടെ

കിട്ടി. വായിച്ചു നോക്കിയതിൽ ആയുഷ്കാമീയം, രോഗലക്ഷണം ഔഷധശുദ്ധി മുതലായവകളെ ചുരുക്കമായി പ്രതിപാദിച്ചുകാണുന്നു. നിങ്ങളുടെ ഈ ഉദ്യമം നന്ദനീയവും ഉപയോഗപ്രദവുമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.......................

എന്നു മാന്നാർ സർക്കാർവൈദ്യൻ
എൻ. രാമൻപിള്ള (ഒപ്പ്)

൨൭. ൧. ൧൦൮൫.

ശ്രീ.

നിരണത്തു കിണററുംകരവീട്ടിൽ വൈദ്യൻ റ്റി. ചാണ്ടി
മാപ്പിള അവർകൾക്ക്.

നിങ്ങൾ ആയുഷ്കാമീയം, ഔഷധശുദ്ധി, രോഗലക്ഷണം, വിഷപ്രതിഷേധം, മൂഷികവിഷം, പേപ്പട്ടിവിഷം മുതലായ ഏതാനും ഭാഗങ്ങളെ ചുരുക്കമായി ഭാഷാഗദ്യപദ്യങ്ങളാക്കി അയച്ചുതന്നിട്ടുള്ള പുസ്തകങ്ങൾ മുന്നും വായിച്ചു നോക്കി. എന്നാൽ നിങ്ങളുടെ ഈ ഉദ്യമം എല്ലാവർക്കും ഉപയോഗപ്രദമായി പരിണമിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല...............

എന്നു തലവടി സർക്കാർവൈദ്യൻ രാമവർമ്മപുരത്തു
ആർ. കുഞ്ഞുണ്ണിപ്പിള്ള (ഒപ്പ്)

ആയുർവേദായുഷ്ക്കാമീയാഭാഷാപദ്യം

വാതവും പിത്തവും പിന്നെ കഫമെന്നിവ മൂന്നിനും
വികാരങ്ങൾ ഭവിച്ചീടിൽ ദേഹനാശനമായ്വരും
അല്ലായ്കിൽ ദേഹരക്ഷയ്ക്കു കാരണങ്ങളിവയായിട്ടും
ഹൃദയത്തിനു മേലോട്ട് ശിരസ്സു വരയും കഫം
പിത്തം നാഭിതുടങ്ങിട്ട് ഹൃദയത്തോളമായിട്ടും
വാതം പാദം തുടങ്ങീട്ട് നാഭിയോളമതിങ്ങനെ
മനുഷ്യായുസ്സിനെ മൂന്നായ് പകുത്താലതിലാദിയിൽ
കഫവും മദ്ധ്യകാലത്ത് പിത്തവും വാതമന്ത്യവും
ഈവണ്ണം ദിവസംതോറും പകലും രാത്രിയും ക്രമാൽ
ആദിയിൽ കഫവും പത്ത് പത്തു നാഴിക പിത്തവും
ഒടുവിൽ പത്ത് വാതത്തിനുള്ളൊരു സമയങ്ങളാം
ഭക്ഷണത്തിന്റെ സമയം കഫകാലമതായിട്ടും
ദീപനത്തിനുടെ കാലം പിത്തകാലമതായിട്ടും
ദഹനം കഴിയുന്നേരം വാതകാലമതായ്വരും
അഗ്നി നാലുപ്രകാരത്തിൽ വാതവും പിത്തവും കഫം
വാതമേറുകിലതിന് വിഷമം എന്നു വന്നീടും
പിത്തം തീക്ഷ്ണമതായിട്ടും മന്ദം കഫമതേറുകിൽ
ഇത്തരം വാതപിത്തങ്ങൾ കഫമെന്നുള്ളതിൻ ഗുണം
ത്രിദോഷങ്ങൾ സമം വന്നാൽ സമമെന്നങ്ങു വന്നിടും
വാതമേറുന്നതും ക്രൂരം പിത്തമേറുന്നതും മൃദു
കഫമേറുന്നതും മദ്ധ്യം മദ്ധ്യം ദോഷസമങ്ങളിൽ
ഗർഭാധാനേ സ്ഥിതോ വാതം ആദിയായുള്ള ഹേതുനാ
മനുഷ്യർക്കുള്ള പ്രകൃതി മൂന്നായിട്ടങ്ങിരുന്നിടും
വാതമേറിയതെന്നാകിൽ ഹീനപ്രകൃതിയായിട്ടും
പിത്തമേറുകിൽ മദ്ധ്യം ച കഫമേറുകിലുത്തമം
വാതാദികൾ സമം വന്നാൽ ഉത്തമപ്രകൃതം വരും

വാത-പിത്തങ്ങളെക്കൊണ്ടും കഫവാതങ്ങളാലപി
കഫപിത്തങ്ങളെക്കൊണ്ടുംഉണ്ടാം പ്രകൃതിനിന്ദിതം
രൂക്ഷവും ലഘുവും ശീതം ഖരവും രൂക്ഷവുഞ്ചലം
രൂക്ഷാദിയാറും വാതത്തിന്നുള്ളോരു ഗുണമായിട്ടും
പിത്തം സസ്നേഹതീക്ഷ്ണോഷ്ണ ലഘുവിസ്രംസരംദ്രവം
സ്നിഗ്ധമായും ശീതമായും ഗുരുശ്ലക്ഷ്ണങ്ങളായിയും
മന്ദമായും മൃത്സ്നമായും സ്ഥിരമായുംകഫഗുണം
രണ്ടു ദോഷങ്ങളൊന്നിച്ച് വർദ്ധിക്കുക ക്ഷയിക്കുക
ചെയ്കിൽ സംസർഗ്ഗമെന്നുള്ള പേരതിന്നുളവായ്വരും
വാതാദിദോഷങ്ങൾ മൂന്നും ഒന്നിച്ചങ്ങു ക്ഷയിക്കുകാ
വർദ്ധിക്കുകയതും ചെയ്താൽ നാമസവും സന്നിപാതമാം
തൊലിയും രക്തവും പിന്നെ മാംസം മേദസ്സുമസ്ഥിയും
മജ്ജയും ശുക്ലമെന്നല്ലോ. മുറയ്ക്കങ്ങേഴു ധാതുവും
മലമൂത്രവിയർപ്പെന്ന മലങ്ങളുമതുംപുനഃ
രസമലാദികളെ ദുഷ്ടമാക്കീട്ടും വാതമാദികൾ
സർവ്വങ്ങളും സമം വന്നാൽ ദേഹവർദ്ധനമായ്വരും
അസമങ്ങളതായീടിൽ ദേഹക്ഷയമതായിട്ടും
മധുരം പുളിയോടുപ്പ് കൈപ്പോടെരി ചവർപ്പുകൾ
സങ്ങ ളാറിലുംവെച്ച് മുമ്പു മുമ്പുള്ളതും ബലം
വായു തന്നെ ക്ഷയിപ്പിക്കും മധുരം പുളി ഉപ്പുകൾ
ചവർപ്പും കൈയ്പുമെരികൾ വായു വർദ്ധനമായ്വരും
തിക്തോഷണകഷായങ്ങൾകഫനാശനമായ്വരും
സ്വാദ്വമ്ലലവണങ്ങൾക്ക കഫവർദ്ധനമാം ഗുണം
ചവർപ്പു കൈയ്പ് മധുരം പിത്തനാശമതായിട്ടും
പിത്ത വർദ്ധനമായീട്ടും ഉപ്പോടെരിയതും പുളി
ഹീന മിത്ഥ്യാതി യോഗങ്ങൾ ആകുന്നു മൂന്നു യോഗവും
ഗുരു മന്ദം ഹിമസ്നിഗ്ധം ശ്ലക്ഷ്ണസാന്ദ്രംമൃദുസ്ഥിരം
സൂക്ഷ്മം വിശദം എന്നിരണ്ടു ഗുണദ്രവ്യങ്ങൾ പത്തതും
തദ്വിപരീത ലഘുവും തീക്ഷ്ണോഷ്ണം പരുഷരൂക്ഷവും
ദ്രവകാഠിന്യംസരവും സ്ഥൂലം പിച്ഛിലവും ദശം

സദ്ദൃഷ്ണം ആദിയായുള്ള കാലങ്ങളുമത്രും പുനഃ
ശബ്ദം തുടങ്ങിയുള്ളോരു അൎത്ഥങ്ങളു മോട്ടവും
ഷാട്ടം തുടങ്ങിയ കൎമ്മങ്ങൾ ഹീന മിത്ഥ്യാദി യോഗമാം
കാലങ്ങളുമതാതിൻെറ ലക്ഷണ കറ കാണകിൽ.
ആയതിന്നുടനേ നാമം ഹീന യോഗമതിങ്ങനെ
ക്രമത്തിലധികം ചിഹ്നം കാണുന്നതതി യോഗമാം
ഒന്നിൻെറ ലക്ഷണത്തോട്ട് വേറെയൊന്നിൻെറലക്ഷണം
ചെന്നു കൂടുന്ന നേരത്ത് മിത്ഥ്യാ യോഗമതാരും
ഹീനാദി മൂന്നും രോഗത്തെയുണ്ടാക്കീടുന്നു നിൎണ്ണയം
തങ്ങൾക്കു തങ്ങടെ ചിഹ്നം കാണുന്നതുമരോഗത
ധാതുവിൽസാരമേറിടും ഓജസ്സിൻെറ സ്വരൂപവും
ധാതുക്കളുടെ തേജസ്സു മോജസ്സാകുന്നു നിൎണ്ണയം
മാനസ്സത്തിങ്കലാകുന്നു ഓജസ്സിൻെറ യിരിപ്പിടം
എന്നാൽ ശരീരം സൎവ്വത്ര വ്യാപിച്ചിട്ടമതായത്ത്
ഓജസ്സ് ദേഹ സ്ഥിതിയെ ചെയ്തിടും ജീവിതാശ്രയം
ഓജസ്സങ്ങു ക്ഷയിച്ചിടിൽ മൃത്യുവും വന്നു കൂടിടും
ഓജസ്സ് സ്ഥിരമായിടിൽ ശക്ത്യഹങ്കാരജീവിതം
തേജസ്സും വരുമന്നേരം മൎത്ത്യ ജാതിക്കതെപ്പൊഴും
ധ്യാനം ക്ഷുത്തതിയായാസം ശോകമെന്നിവ നാലതും
ഊനം വരുത്തുമോജസ്സേ അതിനങ്ങിടയാക്കൊലാ

മാത്രാശിതീയം

മാത്രാനുസരണം ഭുക്തി ചെയ്യണം മൎത്ത്യരെപ്പൊഴും
എത്ര മാത്രം ഭുജിക്കേണം തത്സുഖം ദേഹനത്തിന്
അത്രയങ്ങു ഭുജിച്ചിടിൽ മാത്രയായുള്ള ഭക്ഷണം
മാത്രയാകുന്നതഗ്നിയ്ക്ക് പാക ശക്തി വരുന്നതും
അതീവ ഗുരുവും പശ്ചാൽ ലഘുവായിട്ടിരിപ്പതും
മാത്രയുണ്ടെന്നു വന്നിടിൽ മാത്ര ഭക്ഷ്യം സുഖത്തിന്ന്
മാത്ര കൂടാതെ ഭക്ഷിച്ചാൽ ബലക്ഷയമതും വരും
വാതോത്ഭവവുമായിടും ഓജോ പുഷ്ടികൾ നാസ്തിയാം
മാത്രാതിക്രമ മായുള്ള ഭക്ഷണം സൎവ്വ ദോഷവും.

അതിയായി കുപിപ്പിയ്ക്കും ഇന്ദ്രിയ ക്ഷയനാസ്തികൾ
ക്രമം വിട്ടിട്ടു ഭക്ഷിച്ചാൽ ആയന്നം ദുഷ്ടമായത്
ആമമായി ഭവിയ്ക്കുമ്പോൾ അലസകം ഉളവായിട്ടും
അല്ലായ്കിൽ ആമമായന്നം ഛർദ്ദ്യതി സാരമായിട്ടും
ആയതിന്നുടെ നാമം വിഷൂചി എന്നതായിട്ടും
അജീർണ്ണത്തിന്നു മറ്റാരോ കാരണങ്ങളുമുണ്ടത്
ത്യജിയ്ക്ക മലബന്ധത്തെ ഉണ്ടാക്കുന്നവ വാസിയും
ചിഞ്ഞതും വേകാത്തതും പിന്നെ ഗുരുവും രൂക്ഷമായതും
തണുത്തും മുടിവീണിട്ടും അറയ്ക്കുന്നൊരു ഭക്ഷ്യവും
ജലത്തെ ഇടവിട്ടങ്ങ് കുടിച്ചിട്ടതാൽ മുങ്ങിയതും
അലിയാത്തോരു അന്നങ്ങൾ ഭുജിച്ചിടരുതൊട്ടുമേ.
ഹിതാഹിതങ്ങളായുള്ള അന്നങ്ങളൊരുമിച്ചുടൻ
ഭക്ഷിക്കിൽ സമശനം എന്ന് പേരതിനുളവായ്വരും
നകന്നിട്ടപ്പോഴെ തന്നെ ഭക്ഷിക്കിലദ്ധ്യശനമാം
അകാല മാത്രയാൽ ഏറക്കുറവായുള്ളതും ദൃഢം
വിഷമാശനമെന്നുള്ള പേരു വന്നിട്ടു മഞ്ജസാ
മൃത്യുവോ വലുതായുള്ള രോഗമോ ഇതിനാൽ വരും
വിരുദ്ധാശന മദ്ധ്യശനം അജീർണ്ണാശനമെന്നത്
ഒരേ ദിവസമെന്നല്ലാ നിത്യം പരിചയിപ്പവർ
ഗരളം ഭോജ്യമാകുമ്പോൾ രോഗങ്ങളുളവാക്കിട്ടും
അത്ര കഷ്ടമതായുള്ള ആമദോഷമതും പുനഃ
അതി വേഗേന ദേഹത്തെ നശിപ്പിച്ചെന്നു വന്നിടും
ആമത്തിന്നുഷ്ണവും വേണം വിഷത്തിനങ്ങു ശീതവും
സമാന ഭേദ്യമാകുന്ന ചികിത്സയ്ക്കും കുറേഫണി.
ഭക്ഷണത്തിന്റെ സമയം പറയാം അതുമിവിധം
കോഷ്ഠശുദ്ധി നിനച്ചിട്ട് സ്നാനം ചെയ്തിരാവിലെ
പിതൃതർപ്പണവും പിന്നെ ദേവാർച്ചനമതും തഥാ
പാന്ഥരെ സല്ക്കരിയ്ക്കേണം ഗുരുവർഭക പ്രീതിയും
വരുത്തി പക്ഷിജന്തുക്കൾ കൂട്ട ഭക്ഷണമെന്നിയെ
കരങ്ങൾ ചരണാദ്യശ്ച മുഖവും കഴുകീടണം


ഘൃതം തുടങ്ങിയുള്ളോരു സ്നേഹത്തോട സുമനസ്സിര
അ.താത്മുക്കളിൽ വേണ്ട രസത്തോടെത്തു ചേന്നതും
അല്പാല്പമായ ചൂടോടും മാധുൎയ്യമേററമുള്ളതും
ദ്രവ പ്രായം മ.നസ്സിന്നു രുചിക്കുന്നോരു ഭക്ഷണം
ഹൃദ്യന്മാരു തരുന്നോരു ഭക്ഷണം പ്രിയരോടടൻ
സ്വാദിനു കുറ കൂടാതെ നിന്ദിയ്ക്കാതെ ഭുജിക്കണം
ഭക്ഷണത്തിങ്കലേക്കാശ വെയ്ക്കേണം മൌനിയാകണം
ഭക്ഷണം ത്വരിതം വേണ്ടാ കാല താമസവും ത്യജേൽ
തൃണ മോതലനാരോ താൻ വീണിട്ടുള്ളോരു ഭക്ഷ്യവും
തണുത്തിട്ടുള്ളതും പിന്നെ ചൂടാക്കിട്ടുള്ളൊരന്നവും
യവതാരാവരാന്നഞ്ച: അത്യുഷ്ണം ആയ അന്നവും
ലവണാധിക്യമായുള്ള അന്നവും ഭോജ്യമാക്കൊലാ
ശീലിയ്ക്കാതെയിരിക്കേണ്ടും ഭക്ഷണം പറയാമിനി
കിലാടം ദധി ചൂടുള്ള പാലിൽ മോർ ചേൎത്തൊരന്നവും
ക്ഷാരങ്ങളേററ മുള്ളൊന്നും പുളിയും ആമ മൂലകം
പാരം ചടച്ചതായുള്ള ജന്തുക്കൾക്കുള്ള മാംസവും
ഉണങ്ങീട്ടുള്ള മാംസങ്ങൾ പന്നി മാസാജമാംസവും
അണ്ഡജത്തിന്റെ മാംസങ്ങൾ മാഷം പോത്തിന്റെ
(മാംസവും
അമരാ താമരയ്ക്കുള്ള കിഴങ്ങും വളയം തഥാ
അരച്ച പാകം ചെയ്തിട്ടുള്ളപ്പങ്ങളുമിലക്കറി
ഉണക്കിലകളാലുള്ള കറിയും യാവകങ്ങളും
ഉണങ്ങോതലിപാംഗുളവും ശീലിച്ചീടരുതാരുമേ
ശീലിയ്ക്കേണ്ടുന്ന വസ്തുക്കൾ പറയാമിനിയൊട്ടിടം
നെല്ലിൽ ചെന്നെല്ല് കോതമ്പ് ഞവരാ ജാംഗ്ലമാംസവും
ഗോസ്തന്യാ മലകം പാഥ്യാ പടോലം മധുവും സിതാ
ഘൃതം മാതള പകങ്ങൾ മഴ വെള്ളം തഥൈ വച
പാലും മുൽഗവു മിന്തുപ്പും കാലേ കൂട്ടി ഭുജിയ്ക്കണം
ശീലിക്കേണ്ടുന്ന വസ്തുക്കൾ ശീലിയ്ക്കേണമതേവരും
പുത്തരിച്ചുണ്ട മുതലായ് സ്വാസ്ഥമാക്കുന്നൊരൌഷധം

സ്വസ്ഥനായ്, സേവ ചെയ്തിടിൽ ഏററം നന്നെന്നു വന്നിട്ടും
ഊണിന്നു മുൻപിലായിട്ടങ്ങേലത്തരി ലവങ്കവും.
മൃണാള ശൃംഗാളടയും കരിമ്പിവകൾ തിന്നണം
തേചി പരിതലഫലവും അന്ത്യത്തിൽ ത്രുക്ഷ തീഷ്ണവും
അന്നാസാദിയാലുറച്ചുള്ള വസ്തു വാലുദരർദ്ധവും
പാനാദിയാൽ നിറക്കേണം ശേഷത്തിൻറദ്ധവും പുനഃ
വാതാദികൾക്ക സഞ്ചാരം ചെയ്യാനായിട്ടു ശേഷവും
ഹിതമായൊഴിവാക്കണം പത്ഥ്യവായുത്തമാശനം.

അരമേഖല ദൂത ലക്ഷണം

വന്നതും നിന്നതും വാക്കും സ്വഭാവവും, പിന്നെ
പ്രകൃതിയും കാരണാ കാൎയ്യവും,
മേടരാശിലാകിലോ, ശങ്കുപാലൻ തന്നെ, പി
ന്നെ, ഇടവത്തിൽ മുക്കനായി വന്നിട്ടും, വെറ്റനല്ലോ
മിഥുനത്തിലായ്ക്കു, കക്കിടകത്തിൽ ഏലി, ചേര ചിങ്ങത്തി
ൽകന്നിയിൽ നീക്കോലി, തുലാത്തിൽ മണ്ണെലി, വൃശ്ചി
കത്തിൽ തേൾ, ധനുവിൽ വില്ലുനി, മകരത്തിൽ കര
വിഴല, കുംഭം പുളകൻ, മീനത്തിൽ പുഴുവും ഇല്ലാ.
വിഷമെന്നും പ്രാണനില്ലെന്നും രണ്ടും തിരി
ച്ചീൻ, ശരമെ തുണയെടൊ, ദൂതൻ വലത്തും ശരം ഇട
ത്തിങ്കലൊ, തീരാതെ പത്ഥിയാകില്ലറച്ചീടണം.
ദൂതൻ ഇടത്തും ശരം വലത്താകിലോ, ഒക്കും കടിച്ചുവി
ഷമൊണ്ടെങ്കിലതാകും,
ദൂതനും ശരവും ഒരു പുറത്തെങ്കിലൊ, ഇല്ലാ വിഷ
മെന്നു ചൊല്ലി അയക്കടൊ,
ദൂതനാലൊന്നു പറവാൻ തുടങ്ങുന്നു. അംഗഹീ
നൻ, നഖം ഏററം വളഞ്ഞവൻ, വസ്ത്രം ചുവപ്പും ക
റുപ്പും ഉടുത്തവൻ, ഈറനുടുത്തവൻ മൂടി പുതച്ചവൻ, എ
ല്ലും ജഡാ ധാരി എന്നങ്ങിരിക്കിലും, ആയുധം ഊരിപ്പിടി
ച്ചവൻ അന്ധനും, ക്ലീബനും മാംഗല്യ ഹീനസ്ത്രീ. എക
പ്പൻ ക്ഷൌരകൻ, രാജധ്വജൻ, ദൂതനായ് വന്നാക

ല്യം, ശകുനം വന്നാകിലും, മരിപ്പതിനുള്ള അടയാളമാവിതു
പൂൎവ്വ പക്ഷത്തിൽ കടാക്ഷം പുരുഷനെ നെ
രെ വലത്തും, നാരിയ്ക്കിടത്തുമാം, പിന്നെ മറുപുറം കണ്ടു
ചൊല്ലീടുകാ, ദൃക്ക നാലും മുക്കൻ, മുക്കിനാൽ മക്കണ്ണല്യ
രണ്ടിനിടയ്ക്കു കരിവിഴലാട്ടുഭേഡം. പിന്നെ അതിനാട
മൂഷീക ജാതികൾ



അ, മുതൽ ഒത്തുകിൽ ഏററതു ഒരു പല്ല്, ഇ മുതൽ ഒമ്മ
ത്തുകിൽ ഏററതു രണ്ടു പല്ല്, ഉ മുതലൊത്തുകിലേററതു
ന്നു പല്ല്, എ മുതലൊത്തുകിലേററതു നാലുപല്ല്, മുൻപ
ക്ഷരത്തിനു ദീൎഘമുണ്ടെങ്കിലൊ, ഒന്നുകൊണ്ടൊന്നു കുറെ
വരച്ചതു ഇങ്ങനെ കാൺക, പല്ലെററതും സംഖ്യകൾ
ഒ കാരെ വിഷമില്ലെന്നും, ഇരുപൽ പറഞ്ഞതെ ഒന്നും
കാളകൂടവിൽപോലെ, പിന്നെ വളച്ചപൽ, വട്ടത്താൽ
മുക്കൊൺ ഉളവായ്ത്തുയമൻ, വട്ടം തികഞ്ഞത കഷ്ടം യമ
ദ്ദൂരി, മുൻ പാലെ പല്ലതു രണ്ടും ഫണിയില്ലാ പിന്നേതു
രണ്ടും പരാശ്രയ മാമെടൊ. നാലാമതന്തകൻ തന്നെ
അതാകുന്നു
ഗന്ധംഇലഞ്ഞിപ്പൂ നല്ലകിൽ ചന്ദനം പാലോട്ടമൊ
ത്തു വരുമെ, പരീക്ഷകൾ, പല്ലിന്റെ പേരു മകരീ,
കാളി, കാളരാത്രി, യമദൂതി

കടിച്ചതിനുള്ള ലക്ഷണം

ട്ട നനഞ്ഞു, നനയാതിരിക്കിലൊ മീതെ കടന്ന നേ
രത്തു കടിച്ചതു. പൂൺവാ, വരണ്ട കഴിഞ്ഞ
ങ്ങിരിക്കിലൊ. ഉണ്ടായ പൈദാഹമൊട്ടകടിച്ചതു
ഉള്ളം പരിഞ്ഞു കഴിഞ്ഞങ്ങിരിക്കിലൊ. ചൊല്ലും
ചവുട്ടികടിച്ചെന്നു നിൎണ്ണയം.
ദ്ദൂതന്റെ വല്ലുകളും ചോരയും കണ്ടെങ്കിൽ വൈ
രം മനസ്സിൽ വെച്ചല്ലൊ കടിച്ചതു.
ഒന്നാകിൽ ബാല്യം, രണ്ടയമാകിൽ യൌവനം.
മൂന്നാകിൽ വാർദ്ധക്യമുടൻ, ക്രമേണ.
പൂൎവ്വാഹ്ന മദ്ധ്യാഹ്ന മപരാഹ്നമ്പ്പാ ഇച്ചൊന്നല
ക്ഷണം നോക്കി പരിക്ഷിച്ചു, വിഷധുരൻ, രക്ഷി
ച്ചിട്ടകിൽ ആയുസ്സും കീൎത്തിയും വളരും ദ്രഢം
ദ്ദൂതൻ ചൊല്ലിയ വാൎത്തയെ, എട്ടിൽ ക
ഴിച്ച ശേഷിച്ചതു. ഒന്നാകിൽ മൂക്കൻ. ര
ണ്ടാകിൽ, പുളകൻ, മൂന്നാകിൽ, കരിവാഴലി. നാലാ
കിൽ, വെന്ദ്രൻ. അഞ്ചാകിൽ എലി ആറാകിൽ തേരം
ഏഴാകിൽ പുഴ എട്ടാകിൽ വിഷമില്ലെന്നു ചൊല്ലുകാ.
ദ്ദൂതൻ ചൊല്ലിയ അക്ഷരത്തെ മൂ
ന്നിൽ കഴിച്ച ശേഷിച്ചതു, ഒന്നാകിൽ എളുതായി
തീരും. രണ്ടാകിൽ ഫണിപ്പെട്ട തീരും മൂന്നാ
കിൽ തിരാ എന്നറികാ.

ദൃഷ്ടാന്തം

നമ്മുടെ നാരായണനെ വിഷം തീണ്ടി "എ
ന്നതിൽ ഫവ അക്ഷരം ഉണ്ട് ആ അക്ഷ
രങ്ങളെ എട്ടിൽ കഴിച്ചാൽ ഒന്നും എട്ടിൽ നാ
ലു വരുന്നു

ആയുൎവ്വേദ വിഷപ്രതി ഷേധാഭാഷാപാഠം

പാമ്പുകൾ, മൂന്നു വൎഗ്ഗങ്ങൾ, മൂക്കപാമ്പുകളും പുന

പാമ്പിൽ ശ്രേഷ്ഠതയുള്ളോരു രാജിലങ്ങളതും തഥാ
വമ്പൻ മണ്ഡലി തന്റെ, ഗാത്രം സർവ്വത്ര പുള്ളിയാം
തുമ്പില്ലാതെ ചേരുമ്പോൾ, വ്യന്തരങ്ങളുമുത്ഭവെൽ
ഫണവും ചക്രവും തൊട്ടി സ്വസ്തികാസനവും കട
ഫണമദ്ധ്യത്തിലാം ചക്രം ഇങ്ങനെ വ്യന്തരത്തിന്
പാമ്പിൻ ശിശുത്വവു, നാല് മാസം വർഷമതായിട്ടും
പാമ്പിന്റെ യൌവനം ശീതം നാല് മാസമതായിട്ടും
പാമ്പിന്റെ വൃദ്ധതയുള്ള കാലം വേനലതായിട്ടും
ദർവ്വീകരം തന്റെ വിഷം കട്ടുരൂക്ഷമതായിട്ടും
പവമാനനതിൻ കോപം വർദ്ധിക്കും പാമ്പിൽ മൂക്കന
പയ്യഗമിച്ചീടുന്നോരു മണ്ഡലി തന്റെ ക്ഷ്വേളവും
വീര്യമുഷ്ണം രസം അമ്ലം പിത്തകോപമതായിട്ടും
സർപ്പം എന്നങ്ങു പേരുള്ള രാജിലത്തിന്റെ വിഷം
കഫ കോപം ശീത വീര്യം രസവും മധുരമായിട്ടും
ഭക്ഷണാർത്ഥമതും ഭീതി ചവിട്ടിക്കളതേറക്കയും
വിഷാധിക്യമതെക്കൊണ്ടും ദുഷ്ടാത്മാവാകയിലതും
വൈരം ദേവേഷ്യന്തകന്റെ നിയോഗ് കൊണ്ടുമിങ്ങനെ
കാരണം പത്തിനാലങ്ങു കടിച്ചീടുന്നു പാമ്പുകൾ.
പാമ്പിൻ കടിയതേററന്നാൽ നൂറു മാത്രകൾ നിന്നിട്ടും
പാമ്പിൻ വിഷമതിൽപിന്നെ വ്യാപിക്കും രക്തധാതുവിൽ
കടിവായീ അന്തരത്തിൽ പൊട്ടുന്നതെ മുറിക്കണം
ചുടുകാ, കെട്ടുകാ പിന്നെ, വിഷം കയറാതെന്നവും
പടിക്കപടി ചെയ്യേണം വിഷഘ്നംത്രയ ഔഷധം
ചുട്ടുപാനരക്ക മഞ്ഞൾ താൻ മുറിവായിൽ വച്ചു ചുട്ടിട്ട
കടിച്ച പാമ്പിനെ തന്നെ, പിടിച്ചുടൻ കടിക്കയും
കടിച്ചീടുക മണ്ണോതൻ കട്ടയോ ഇതിലേതുമാം.
തടവു തുപ്പലൊ പിന്നെ ചെവിപ്പീളകളാലുമാം
കെട്ടേണം മുറിവായിക്ക ഇട നാലുവിരല്ലുമേൽ
പെട്ടെന്നു ഞെക്കുക, പിന്നെ ഛേദിച്ചീടുകയും ദ്രുതം
ചുട്ടിന്നു മാറുകാ വേണം, ജന്മസന്ധിയതാകിലൊ,

ചുട്ടകാ സുവൎണ്ണമയകോൽ, തീക്കൊള്ളികളാലുമാം
ചുട്ടീടാമണ്ഡലി എന്ന പാമ്പിന്റെ വിഷമെന്നത്
ചാണകം മണ്ണു ഭസ്മങ്ങൾ ഇവ ഏതാനേ എങ്കിലും
പാണി തന്നാലെടുത്തിട്ടു വായിലിട്ടു നിറക്കണം
വ്രണപ്പെടുത്തണം കൊത്തി ചോരയങ്ങു വരുത്തണം
വ്രണത്തിലിമ്പി തുപ്പേണം ഗരളം നീങ്ങിടും വരെ
കടിവായും ഗാത്രമാകെ, രാമച്ചം ചന്ദനങ്ങളെ
കൂടക്കൂടെ പുരട്ടണം അരച്ചപ്പിൽകലക്കിയതു
ക്ഷ്വേളം ദേഹത്തിൽ, വ്യാപിച്ചാൽ, കൈകാൽ
നെറ്റികളിൻ സിര,
കളിയല്ലതു വെധിക്കാ വിഷനാശനമെത്രയും
കളയാം ദൂഷിതം രക്തം കൊമ്പു വച്ചിട്ടുമാമതു്
പുളയുന്നട്ടയെക്കൊണ്ടു കളയാം മറവാസരാ.
ശേഷിച്ച രക്തവും ഏറാം ശീതങ്ങളതാലപി
വിഷഗരൻ നിറുത്തേണം ഏററവും ശീതളങ്ങളാൽ
ഘൃതവും മധുവും കൂട്ടി വിഷഘ്നം ആയ വസ്തുവെ
മതിമാൻ നെയ്യതിൽ, ചേൎത്തു സേവിപ്പിക്കുകയും ഗുണം
ശിരീഷ പുഷ്പത്താൽ നീരിൽ മുരങ്ങക്കുരുവെഴനാം.
അരച്ചു പാനം, നസ്യങ്ങൾ ചെയ്താൽ സൎവ്വവിഷം ഹരം
നത കുഷ്ഠങ്ങൾ ദീപലം തേനും നെയ്യും ചതുഷ്ഫലം
ചിതമായി പാനം ചെയ്തീടിൽ വിഷനാശനമായ്വരും
ഇലവൎങ്ങത്തൊലിയും നല്ല മനയോല നിശാദ്വയം .
പുലിയൻ നഖവും ശീതം നാഗപ്പൂവൊടു പച്ചില
അരിയിൻ കാടിയിൽ നല്ല രസവും തകരം അതും
അരച്ചു പാനം ചെയ്തീടിൽ സൎവ്വ ക്ഷ്വേളഹരം പരം
ബില്വവും തുളസി പുഷ്പം ഉങ്ങിൻ ബീജമതും നതം
ഫലത്രയം വ്യോഷദാരു നിശാ ദ്വന്ദ്വങ്ങളെന്നിവ
നന്നായിപ്പൊടിച്ചജത്തിന്റെ മൂത്രത്താൽ നസ്യമഞ്ജനം
പാനം ചെയ്യുകിലെന്നേറപ്പോം സൎവ്വ ജന്തു വിഷങ്ങളും
വാതകോപം വിഷാധായെ, വാതഘ്നം ആയൌഷധം

ഘൃതം തുടങ്ങിയുള്ളോരു സ്നേഹാദികളാലുമാം
മൂതിരാ തൈല മദിപ്പും ഇവ വജ്ജിക്ക ഉത്തമം
പിത്തം കോപിച്ചു എന്നാകിൽ പിത്ത ജ്വരഹരങ്ങളാം
കഷായംഷഡാ ഗമാട്ടിശ്ച സ്നേഹവസ്തുകളാലുമാം
പ്രതിഫലം കഫമെന്നാകിൽ മധുവൊടാരഗ്വധാധിനാ
മാണിക്കം മരതകം വജ്രം തഥാ വാരണമൌക്തികം
വൈഡൂര്യം ഗരുഭമണി കീരിക്കൽ വിഷമുഷ്ടികാ
വെൺവയമ്പൊടു കാർകോകിൽ ശോഫാഘ്നി തുമ്പ
രണ്ടും
മുത്തിൾ സപ്പമണി പിന്നെ വിഷശാന്ത്യം ചധാരയെൽ
കടപിടിക്കയും പിന്നെ കൈ കൊട്ടുകയതും നാശി
ത്ധട ത്ധടാ എന്ന ശബ്ദത്താൽപാമ്പുമാറീട്ടമഞ്ജസാ

എലിവിഷം

ലാളനം ചപലം പുണ്ഡ്റഹസിരം ചിഷീരാജിനാ
കഷായ ദന്തം കുലകം കോകിലം കുകിലാസിതം
അരുണം ശബലം ശ്വേതം കപോലം വലിതോന്ദുരു
ചുച്ഛന്ദരം രസാലം എന്നെലി അഷ്ടാദശങ്ങളാം.
ഇവററുകളുടെ ശുക്ലം, ദേഹത്തിൽ വീഴുകയോ പുനഃ
അവയവങ്ങളിൽ വീണിട്ടുള്ളംഗം തട്ടുക എങ്കിലൊ
ചെയ്യാൽ രക്തം ദുഷിച്ചിട്ടങ്ങവിടം പാണ്ഡുവണ്ണമാം
മുഴയും വീക്കവും കോപ്പിൾ വട്ടപ്പുണർ ചുഴൽച്ചയും
ശീത ജ്വരത്തൊടരുചി അതിരുക്കം കുളിർച്ചയും
സ്രാവം മൂർച്ഛയതും കമ്പം രോമഞ്ചസന്ധിവെദന
വിഷ ദോഷം ദീർഘമാകം തണ്ണീർ ദാഹമതും വരും
മൂഷികക്കുട്ടി ശ്രുവെ പോലെ ഛർദ്ദിച്ചിട്ടമനെകവും
ദേഹം മുഴക്കെ വ്യാപിക്കും കോപിച്ചീടും പുനഃ പുനഃ
ദേഹം വീഞ്ഞു നിറം കെട്ടുനലവും കേറവ ദോഷവും
മോഹാലസ്യം രക്തഛർദ്ദികൊഴുത്തുള്ളൊരു വെള്ളവും

ദേഹത്തിലെല്ലായെപ്പോലെ മുഴയുണ്ടായായും വരും.
ചുണ്ടിന്റെ നിറവും മാറീട്ടെലിയിൽ ഗന്ധമങ്ങനെ
കണ്ടാലസാദ്ധ്യമായെന്നാങ്ങറിയേണമതെവരും

പേപ്പട്ടി

പട്ടികൾക്കുള്ള വാതദോഷങ്ങൾ കഫമെറുകിൽ
പെട്ടെന്നു നാഡിയാൽചെന്നാൽ ഓർമ്മയില്ലാതെയായിടും
ധമ്യുക്കൾ കഠിനപ്പെട്ട ക്ഷോഭത്തെ ഉളവാക്കയും
വക്ത്രത്തിൽ നിന്നു കിഴല ഒഴക്കീട്ടന്ധനായിടും
വാലോടങ്ങോടയും കണ്ണും തലയും താണുപോയിടും
അപ്പോളതു കടിച്ചീടിൽ മുറിവായും തുറിച്ചീടും
കൃഷ്ണവർണ്ണമതാം രക്തം സ്രവിച്ചിട്ടങ്ങിരിക്കയും
ചേതോ ശിരസ്സുകൾക്കേററം വ്യഥയും സൂംഭവും ജ്വരം
തണ്ണീർദാഹമതും മോഹം പല്ലിനാൽ കടി ചെയ്യുന്നു
ജംബൂകാശ്വതരി അശ്വം ചെന്നായ് പുലി കരങ്ങുകൾ
ഇവററകൾ, കടിച്ചീടിൽ മേലിലെപ്പോലെ ആയിടും
വിശേഷാൽ മുഴയും വീക്കം വർണ്ണങ്ങൾ ദേഹമൊക്കയും
ഭൂശമായാണികൾ വട്ടപ്പുണ്ണും കൊപ്പുളും വരും
കടിവായിൽ വിഷം ഏറാറിട്ടില്ലെങ്കിൽ ലക്ഷണം വരാ
കടിച്ച ജന്തുവിന്നുള്ള പ്രകൃതി മരണത്തിന്
പ്രതിബിംബിതമായുള്ള കണ്ണാടി ജലമെന്നതിൽ
ഭീതിയും ദർശനസ്പർശം കൊണ്ടിട്ടു ഭയമുള്ളവൻ
മൃത്യുവാൽ പിടിപെട്ടീടും കഷ്ടം ജന്തുവിൻ ധ്യാനവും
അതിനാലുര ചെയ്യുന്നു പരിഹാരമതൊട്ടിടം
മൂഷികൻ കടി ചെയ്തീടിൽ ഉടനെ അയകോലതോ
പൃഷ്ടാകാന്തമതാകുന്ന കാന്തക്കണ്ണാടിയാലുമോ
ഇതിലേതിനെയോ കൊണ്ടോ ദഹനം കടിവാദ്രൃതം
അതിനെ ചെയ്തിട്ടില്ലെങ്കിൽ ആനിയും വ്യഥയുംവരും
പുതുതായി കൊത്തിനിക്കേണം ചോരയും ആസ്ഥലത്തിലെ
നതവും കാകമവും വാകക്കുരുവും അമൃതാം നിശാ
അരച്ചു തേക്കിൽ വീണിടും ആ [illegible] വിഷനാശനം

ആരക്കണമതെപ്പോലെ മഞ്ചൊട്ടിപ്പൊടിയും നിശാ
വേശ്മധൂമവും പിന്നെ ഇന്തുപ്പും എന്നിവററിനെ
പൂശേണം കഴകാം കാടി പച്ചവെള്ളത്തിലെങ്കിലും
നാല്പൊപ്പകൊന്ന പെൺകുന്നി വിലേപവും നല്ലമൃതയും
അല്ലാഞ്ഞാൽ വിഷവും ശൊഫം ദീക്കിടന്നൌഷധങ്ങളും
അരച്ചു പൂശണം ക്ഷിപ്രം സിരാവേധം വരുത്തണം
വട്ടപ്പൂന്താളിയിൽ കഷായം കൊണ്ടുള്ള ഛർദ്ദിയുത്തമം.
നേന്മേനിവാകയങ്കോലം ഇവററാലുള്ള ഛർദ്ദിയും
നേന്മേനി വാകക്കുരുവും പുട്ടൻ വീരമതിന്റെയും
ദേവതാളിയതും പിന്നെ മലങ്കാരയതിങ്ങനെ
ഇവററുകൾക്കുള്ള കുരു തൈരിൽ സേവിച്ച ഛർദ്ദിയും
ദേവതാളി മലങ്കാരകൊട്ടംവചകളെന്നിവ.
സേവിക്ക പശുവിൻ മൂത്രേ അരച്ചു തൈരിലെങ്കിലും
ത്രിവൃളും ത്രിഫലാ വട്ടപ്പൂന്താളി എന്നിവററിലെ
നവമായുള്ളതെക്കൊണ്ടു വിരെചിപ്പിക്കയും ഋണം
വാകക്കാ തലുതൻ ബീജം കൂട്ടിട്ടു നസ്യമുത്തമം
ത്രികടു ചാണക രസേ അഞ്ജനം പരമൌഷധം
ദധിത്ഥപക്വത്തിൻ നീരും ചാണകത്തിന്റെ നീരയും
മധുവും കൂട്ടി ഒന്നിച്ചു ലേഹ്യമാക്കിട്ടു തിന്നണം
ചെറുചീര വേരുകൊണ്ടിട്ടു നെയ്കാച്ചീട്ടു സേവിതം
അക്ക മൂലത്തിനാലുള്ള നെയ്യും ശ്രേഷ്ഠമത യിട്ടും
ക്ഷപാദാദ്യങ്ങൾ, വെൺകുന്നി മഞ്ചട്ടി മധുകാ മൃതം
കപിത്ഥത്തിന്റെ വേർ തോലും പൂവൊടില ഫലങ്ങളും
പ്രത്യേകമാജ്യംകാച്ചേണം ക്ഷപാദ്യാവും പൃഥക് പൃഥക്
പ്രാതഃകാലത്തിലും സേവ അന്തിനേരത്തുമാകണം
സിന്ദുവാരന്നതും ശിഗ്രുവില്വമൂലം പുനർന്നവം
വചാശ്വദംഷ്ട്രജീമൂതമെഷാം കഷായാ സമാക്ഷികം
ചെന്നെല്ലിന്റെ യന്നത്തെ തൈരു കൂട്ടീട്ടു ഭക്ഷണം
നന്നായ്പൊടിച്ചുകൊഴവെടെഅരിയുംഗോരസേപിബേൽ
ഛർദ്യാ മൂത്രെ അരക്കണ്ണം അങ്കോലത്തിന്റെ വേരിനെ

വേഗേന പാനം ചെയ്തീടിൽ എത്രയും വരമൌഷധം
വിളാമ്പരിപ്പു മൈലെള്ളിൻ വേരുമങ്കോല വേരപി
താലവം കൂട്ടി സേവിപ്പു. പശുമൂത്രത്തിലാകണം
മൈലെള്ളിന്റെ പുഷ്പത്തെ പാലിൽ സേവിക്കയും ഗുണം
മൂലം സഹചരത്തിന്റെ തേനും കാടിയതിൽ പിമ്പെൽ
പേച്ചുരയരിഞ്ഞിട്ടു വെള്ളത്തിൽ രാത്രി പൊക്കണം
ഉണങ്ങീട്ടു വെള്ളത്തിൽ പീതം വിഷഹരം പരം
കരിനൊച്ചിയുടെ വേരും മാർജ്ജാരാസ്ഥി വിഷംനതം
അരച്ചു സലിലെ നസ്യം മന്ദുരുവിഷ നാശനം
മൂഷികന്റെ വിഷം കിഞ്ചാൽ പ്രകുപ്യതി ഭ്രദർശനെ
[illegible]ഷീ വിഷത്തിനുള്ളൊരു ചികിത്സയുമുത്തമം

പേപ്പട്ടി വിഷത്തിന്ന്

നായ് തിൻ കടിപെട്ടുള്ള പാടു പൊള്ളിക്കണം ദ്രുതം.
നൈകാച്ചിട്ടു പൊള്ളിക്കാം മുമ്പിൽ ചൊന്നൌഷധങ്ങ
(ളാൽ
എരിക്കിന്റെ പാലുകൂട്ടി വിരേചനൌഷധങ്ങളും
ചൂരക്കാ ചെയ്തു കൊണ്ടിട്ടു സേവിക്കണം മരുന്നുകൾ
അങ്കോലോത്തര മൂലാംബു ത്രിഫലം നെയ്യിലാക്കണം,
പലംമൊന്നതു നൈ കൂട്ടി കുടിക്കാ വിഷനാശനം
ഉമ്മത്തും കരുവും ശുഭ്രവയമ്പോടൊട്ടു കൂട്ടിയൊ
തമിഴാമയതൊ കൂട്ടി പാനം ചെയ്ക ജലെ ദ്രുതം
എള്ളിന്റെ പൊടി തൈതലം വെള്ളെരിക്കിന്റെ പാലതും
ഗുളവും കൂട്ടി ഒന്നായിട്ടപ്പിൽ സേവിക്കയും ഗുണം
മന്ത്രൌഷധങ്ങളും രത്നം ഇവയൊട്ടും കളക്കണം
ഗന്ധവാഹനമേഘങ്ങൾ നാസ്തിയായിട്ടുമെന്ന ചൊൽ
കണവീരം കരിങ്ങാലിനി ശാദ്ദലം കൊഴപ്പയും
മണ്ണാകം കാവിയും ഭൂമിപ്പരണ്ടയതു ജലെ
അരച്ചു പൂശിയാൽ പോകും വീക്കം പനി പഴപ്പുകൾ
ചരണ്ടപയമായിട്ടും നാലു കാലുള്ളതിന്റെയും
[illegible]ടിയൊ, ഉരവൊ, മുട്ടൊ ഇവ ഏറ്റുമതെങ്കിലും

വെട്ടിട്ടു മറിവുണ്ടായാൽ എത്രയുംശ്രേഷ്ഠമാമിതു
ഉമ്മത്തരിയതില്ലെങ്കിൽ ഇലയും മതിയായിടും
അമ്മാവൻപത്രവും ഗോവിൻ പാലിൽ പാനംദിനത്രയം
പത്തുനാൾപഥ്യവും വേണം ഉപ്പോടെരികൾവർജ്ജയേൽ
സിതയും പാലും പഴവും വെറും ചോറുമതുണ്ണണം
കളിയും അപ്പൊഴെ വേണം മയക്കം വന്നു കൂടിടും
കളിയൊ, ഗീതമൊ പിന്നെ പേയുടെ ഗൊഷ്ഠി കാട്ടിടും
അഹസ്സുകളു കഴിഞ്ഞെന്നാൽ പേയിക്കും ശമനം വരും
പ്രഹർഷം ചെയ്കയും വേണ്ടാ ത്രയോ മാസത്തിനിപ്പുറം
നാരകത്തിൻെറ വർഗ്ഗങ്ങൾ വത്സരാന്ത്യേ ത്യജിക്കണം
നാരങ്ങാ കറി കൂട്ടാതെ വത്സരാന്ത്യം കഴിക്കണം

തേൾ വിഷത്തിന്ന്

തേളിനാൽ കടി പെട്ടിടിൽ, തടവുകണ്ണയെണ്ണയെ
തേളിൻെറ വിഷവും തീരും മററും ഓരില തന്നുടെ
മൂലം കഷായമാക്കിട്ടങ്ങായതും കല്ക്കമാക്കണം
തൈലം കാച്ചിയരിച്ചിട്ട് തടവു വിഷനാശനം
ചവക്കാരവുമിന്തുപ്പും പൊടിച്ചിട്ടങ്ങു കാടിയിൽ
കേവലം ചൂടതാക്കീട്ട ഋകാരീടക വിഷം:ഹരം
പയസ്സിൽ സിത ചെന്തിപ്പലി സേവിക്കയും ഗുണം
നെയ്യൊടു സഹ തേൻ ചേർത്തു സേവിക്കുന്നതുമുത്തമം
മാതളക്കായുടെ നീരിൽ അരിതാരം പൊടിച്ചതു
ഇന്തുപ്പുമതു കൂട്ടീട്ട് തേച്ചു വിഷഹരം പരം

ഉരുമാമ്പുലി വിഷത്തിന്ന്

കിടാങ്ങികളിൽ .വച്ചിട്ട് ഭിയായതുരുമാം പുലി
കടിച്ചിടുമതെന്നാകിൽ നാഭി തന്നുടെ മിതയും
ഏത്തുവേദനയേക്കിട്ടും മൊഹാലസ്യാർദ്ധശപാസവും

ചുവന്നതായ് പല വർണ്ണത്തിൽ കുരുക്കൾ വീക്കവും വര
ന്നതിദുഃഖവും ദാഹം ഛർദ്ദിയും കണ്ണുരുട്ടുകാ
വക്ത്രം മുണ്ടുകൾ ദന്തങ്ങൾ കറുവാളിക്കും ഘ്രാണവും
ഉടഞ്ഞുവെന്ന തോന്നിടും തണ്ടെല്ലും കണ്ഠമെന്നിവ
കടിവാ ഞാവലിൽ പകം നിറമായി ചോര പോയിടും
ഉറുമാമ്പുലി കടിച്ചിട്ട് ചികിത്സിച്ചില്ല എങ്കിലൊ
ആറോടൊന്നുമതും കൂടിട്ടേഴാകുന്ന നാളിലും
പത്തും പഞ്ചദശം നാൾകൾ ദേഹനാശം വരുന്നു പോൽ
ശസ്ത്രം കൊണ്ടു മുറിച്ചുണ്ടു കളകാ മുറിവാതതം
ഇരുമ്പു കോലതെക്കൊണ്ടു ദഹിപ്പിക്കുന്നതും ഗുണം
അതുശേഷം, ദഹനം പിത്തമാദിയായ വിഷത്തിന്
നാല്പാമരമതിൻ തോലിൽ ധാര ചെയ്യുന്നതും ഗുണം
അല്പമിന്തുപ്പുതൻ കൂട്ടി ചുടവു പാട്ടിലെഴുപ്പാഴം
സർവ്വമോക്ഷം വരുത്തിട്ടോ, കൊമ്പു വച്ചിട്ടുമങ്ങിനെ
ചോര നീക്കുന്നതും നന്ന് ഉറുമാമ്പുലി വിഷത്തിന്ന്.
ആരയാൽ വല്ക്കലവും, താന്നിപഴ മുല്ലാല എന്നതും
ചോരയാക്കുന്നതും നന്ന് ലേപനത്തിന്നുത്തമം
വരേചിപ്പിക്കയും കൊള്ളാം. ത്രിഫലാത്തു വിളാദിയാൽ
കുരു പോലുന്തി നില്ക്കുന്ന ആണിയെ കളയാം ദൃതം
ഒന്നാമേന്നി വാകക്കുരുവും ഇലയും തോലുമെന്നിവ
നന്മയായുള്ള അങ്കോലം തന്നുടെ വേരു കൂടിയും
കാടി തന്നിലരച്ചിട്ട് പാനം ചെയ്യുന്നതുത്തമം
മാടപ്രാവിന്റെ കാഷ്ടം എരുമക്കള്ളി। സൈന്ധവം
ദന്തിക യുമ്പ പൂവൊട്ടു ഗോദന്തം തുവിളെന്നിവ
ചന്ദമോടെ അരച്ചിട്ടാൽ ആണി വിണിടുമഞ്ജസാ
പാച്ചോറ്റിത്തൊലി രാമച്ചം താമരപ്പൊടി പത്മകം
മെച്ചമാം ചന്ദനം മൂന്നും കിറുകിണ്ണിപ്പാലയെന്നതും
എല്ലാ ക്രിയകളിലും കൊള്ളാം ഞാഴൽ പൂവോടുമററവ
എല്ലാവരും പ്രയോഗിച്ചാൽ ഇല്ലാതെ പോം വിഷങ്ങളും

ആയുൎവ്വേദാമീയം.

ശുദ്ധിപത്രം.

പുറം.	വരി.	അശുദ്ധം.	ശുദ്ധം.
൧	൨	വകാരം	വ।കാരം
൨	൧൧	നാമസമ്പും	നാമവും
൨	൧൮	സങ്ങൾ	രസങ്ങൾ
൩	൯	മതാൎത്ഥം	മതാല്പൎയ്യം
൪	൨൦	വാക്കിട്ടം	വായിട്ടം
൪	൨൧	അത്രകഷ്ടം	അതികഷ്ടം
൫	൬	അനാസാദി	അന്നാദി
൫	൮	അരമേഖല	ഹരമേഖല
൫	൨൦	പത്നിയ	വേന്ദ്രനെന്നു
൭	൪	മുക്കൻ	മൃക്കൻ
൭	൭		അ
൭	൯	മ്യ	മൃ
൭	൧൬	ഭൂരി	ഭൂതി
൭	൨൦	യമഭൂത്രി	യമഭൂതി
൮	൫	തപവ	തപവും
൮	൧൬	ഷഘടിക	ചവട്ടക
൮	൨൧	പൊട്ടുന്നതെ	പൊട്ടുന്നനെ
൮	൨൪	പുട്ടവ	പുട്ടവാ
൧൦	൧൩	മരവാസമ	മറവാംസ്ഥിര
൧൦	൨൮	ചെയ്യാകില	ചെയ്യുകില
൧൦	൨൮	സപ്പജ്ഞു	സൎവ്വജ്ഞു
൧൦	൨൧	നാശ്ശനം	നാശനം
൧൧	൭	ഗദഭ	ഗൎദ്ദഭ
൧൧	൨൬	വ।ിഞ്ഞു	വിങ്ങി
൧൨	൪	വാദി	വാതാദി
൧൩	൪	പെണ്‍കന്നി	വെണ്‍കന്നി
൧൩	൬	നീക്കിട	നീക്കീട്ട
൧൩	൮	നൊന്മനി	നെന്മേനി
൧൩	൩൦	വെര।ിന	വേരിനെ
൧൪	൧൦	പ്രകപതി	പ്രകൃത്യ
൧൪	൨൦	പൊടിതൈതലം	പൊടിതൈതൈലം
൧൪	൨൯		കടിയോ
൧൪	൧൯	പല്യ	പാല്യ
൧൫	൧	പക്കവ്യം	വീക്കവും
൧൫	൧൪	കെമ്പു	കൊമ്പു

ആയുഷ്കാമീയം.

——+——

അകാരാദി.

അ

അസമയങ്ങൾ_സമയങ്ങളല്ലാത്തവ. അന്ത്യം_അവസാനം..
തി. അതിവം_ഏററവും. അഞ്ജസാ_ഉടനെ. അമ്ലം-പുളി. അ
ശനം_ഭക്ഷണം. അർഭകൻ-ശിശു. അജം-കുറിയാട്_ (ആട്)
അണ്ഡജം_മത്സ്യം. അന്തിനേരം_സന്ധ്യാസമയം. അന്ധൻ_കരു
ടൻ. അമ്മാവൻ_ഉമ്മം. അഹഃ_പകല്. അന്തകൻ.കാല
ൻ. അയം_ഇരിമ്പ. അഷ്ടാദശം_പതിനെട്ട്. അശ്വം_കുതിര.
അർക്കം_എരിക്ക. അപ്പ്-വെള്ളം. അർദ്ധം_പകുതി.

ആ

ആജ്യം-നെയ്യ്. ആമമൂലകം-പച്ചക്കിഴങ്ങ്. ആമലകം_നെല്ലി
ക്കാ. ആമ്രം_മാങ്ങാ.

ഉ

ഉദരം-വയറ്. ഊഷണം_എരിവു. ഊനം_കേട്.

ഋ

ഋതുക്കൾ_രണ്ടുമാസം കൂടിയതുകൾ.

ഏ

ഏകം-ഒന്നു

ക

കീലാടം_അസാരംപാലിൽ അധികംമോര് വീഴ്ത്തി ഉണ്ടാക്കിയ
തൈര്. കരങ്ങൾ_കൈകൾ. കണ്ഠം-കഴുത്ത്. കപിത്ഥം-വിളാങ്കാ
മരം. ക്രൂരം_കഠിനം. കോഷ്ഠം-ശരീരം ക്വാഥം_കഷായം. കുപ
പ്പിക്ക-കോപിപ്പിക്ക.

ഗ

ഗരളം-വിഷം. ഗന്ധവാഹനൻ-കാററ് : വാതം. ഗാത്രം ശരീരം. ഗീതം-പാട്ട. ഗുരു-ദഹിയാത്തതു. ഗുളം-ശക്കര. ഗോവു-പശുവ്. ഗോസ്തനി-മുന്തിരിങ്ങാ. ഗോരസം-മോരു്.

ഘ

ഘൃതം—നെയ്യ. ഘനം-ഭാരം.

ച

ചരണം—കാൽപാദം. ചിഹ്നം—അടയാളം. ചേതസ്-മനസ്.

ഛ

ഛാഗമൂത്രം—ആട്ടിൻമൂത്രം

ജലം—വെള്ളം. ജംഗലമാംസം—വരണ്ടഭൂമിയിൽ ഉണ്ടാകുന്നവകളുടെ മാംസം.

ത

തത്ര—തത്ര—അവിടവിടെ തഥാ—അപ്രകാരം ത്വരിതം—വേഗം ത്യജേൽ—ഉപേക്ഷിക്കണം. തദ്വിപരീതം—അതിൻ വിപരീതം ത്രയം—ത്രി—മൂന്നു. തിക്തം—കൈപ്പ. തൃണം—പുല്ല ത്രിദോഷം—വാതപിത്തകഫം. ത്യജിക്ക—ഉപേക്ഷിക്ക. തിലം—എള്ള. ത്രിവിൽ—ത്രികോൽപ്പക്കൊന്ന.

(ദ) ദ്രവ—അലിഞ്ഞ ദധി—തൈര്. ദർവ്വീകരം—പാമ്പ. ദ്വയം: ദ്വി—രണ്ട. ദാഡിമം—മാതളമരം. ദാരു—ദേവതാരം. ദേവാർച്ചനം—ഈശ്വരപൂജ. ദശം—പത്തു്.

(ധ) ധാരയൽ—ധരിക്കണം. ധ്യാനം കിട്ടാത്ത വസ്തുവിൽ ഉള്ള വിചാരം. ധ്വാനം—ശബ്ദം.

(ന) നാസ്തി—ഭവിക്കുന്നില്ലാ. നവം—പുതിയതു നതം—തകരം. നാമം—പേര്. നക്തക—ഭക്ഷിക്ക. നൂനം—നിശ്ചയം

(പ) പാകം—പഴം. പത്രം—ഇല. പണി—വേല. പയസ—പാല് പഞ്ചദശം—പതിനഞ്ചു. പവമാനൻ—വാതം. പാണ്ഡു—വെളുത്തതു്. പ്രതിബിംബിതം—നിഴലിക്കപ്പെട്ടതു്.

പാന്ഥൻ—വഴിപോക്കൻ. പ്രീതി—പ്രഹർഷം—സന്തോഷം. പ്രി
യൻ—ഭർത്താവ് ഇഷ്ടൻ. പൊളയുന്ന അട്ട—വെള്ളത്തിലെ അ
ട്ട. പൃഥക്ക്—വേറെ

(ഫ) ഫലത്രയം—ത്രിഫല ഫലം—കായ്.

(ബ) ബന്ധം—കെട്ട്—തടവ്. ബാല്യം—ശിശുത്വം.

ഭ ഭവിക്ക—ഉണ്ടാക ഭീതി—ഭയം. ഭിഷഗ്വരൻ—വൈ
ദ്യശ്രേഷ്ഠൻ ഭൃശം—ഏററവും. ഭുജിക്ക—ഭക്ഷിക്ക.

മ മണ്ണാംകാവി—കാവിമണ്ണ. മജ്ജ—എല്ലിനകത്തെ മാം
സം മധുകം—അതിമധുരം. മന്ദം—സാവധാനത്തിൽ. മദ്യം—ക
ള്ള. മധു—തേൻ. മദ്ധ്യം—നടുവ്. മർത്ത്യൻ—മനുഷ്യൻ. മാ
ർജ്ജാരം—പൂച്ച. മാഷം—ഉഴുന്ന. മുൽഗം—ചെറുപയറ്. മേ
ദസ്—കൊഴുപ്പ്. മാനസം മനസ്. മേദുര—മയമുള്ളത്ത മൃത്യു—
മരണം. യൂപം—കോതമ്പ് രോമാഞ്ചം—രോമത്തിന്റെ എ
ഴുപ്പ് ലവണം—ഉപ്പ് ലഘു—ഘനംകുറഞ്ഞത്ത് ലവംഗം—ഇ
ലവർങ്ഗം വക്ത്രം—വായ് വപു—വയമ്പ് വില്വം—കൂ
വളം വൽക്കം—തൊലി വ്യോഷം—ചുക്ക മുളക്, തിപ്പലി ശി
രസ്—തല ശീതം—ചന്ദനം ശ്വാസം—നാസാദ്വാരങ്ങളിൽ നി
ന്നും വിടുന്ന ശ്വാസത്തിൽ ശക്തിയേറിയത്ത ശിശു—കുട്ടി ശോ
ഫാലിനി—തഴുതാമ ശ്ലക്ഷ്ണം—നേരുങ്ങിയത്ത സർവ്വത്ര—എല്ലായിട
വും സഹചരം—കരിങ്കുറിഞ്ഞി സാന്ദ്രം—കൊഴുത്തത്ത സ്വാദ്ദ്.
രുചി സ്നിഗ്ദ്ധം—മിനുമിനുത്തത്ത സിര—ഞരമ്പ് സ്നേഹം—
എണ്ണമയമുള്ളത്ത് സിത—പഞ്ചസാര ഹൃദ്യന്മാർ—ഉഷ്ണന്മാർ
ഹിമം—മഞ്ഞ് തണുപ്പ്. ക്ഷയം—നാശം ക്ഷുത്ത്—വിശപ്പ്
[illegible]

ശുഭം